# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 562

09/02/2016 ൽ മറുപടിയ്ക്ക്

## അനധികൃത കശുവറപ്പ് കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കശുവണ്ടി വ്യവസായത്തിലെ അനധികൃത കുടിവറപ്പ് കേന്ദ്രങ്ങളുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) കുടിവറപ്പ് സമ്പ്രദായം ചെറുക്കുന്നതിലേയ്ക്കായി കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിറുത്തി വയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാദ്ധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയ്ഡ് സ്വീഷർ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. 1967 ലെ Unregistered Cashew Nut Factories Prohibition Act അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിശോധനകൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീം ഉണ്ടാക്കി 07/01/2016 മുതൽ റെയിഡുകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. |
| (ബി) എത്ര അനധികൃത കുടിവറപ്പ് കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു എന്ന് അറിയിക്കാമോ ; | (ബി) കൊല്ലം ജില്ലയിലും എറണാകുളം ജില്ലയുടെ ചില ഭാഗങ്ങളിലും അനധികൃത കശുവണ്ടി സംസ്കരണം വ്യാപകമാണ്. നിയമാനുസൃതമല്ലാത്തതിനാൽ ഇവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (സി) അനധികൃത കുടിവറപ്പ് കേന്ദ്രങ്ങൾ നടത്തുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടി വിശദമാക്കുമോ? | (സി) 1967 ലെ Unregistered Cashew Nut Factories Prohibition Act അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. നിലവിൽ 7 മേജർ കേസുകൾ കുടിവറുപ്പ് നടത്തിയവർക്കെതിരെ കൊല്ലം ജില്ലയിലെ വിവിധ കോടതികളിൽ |

ഫയൽ ചെയ്യുകയും അതിൽ ഒരു കേസ് 29/08/2013 ൽ കുറ്റക്കാരനെതിരെ 6 മാസം തടവും 25000/- രൂപ പിഴയും ഒടുക്കി വിധി വരുകയും മറ്റു കേസുകൾ വിചാരണയുടെ ഘട്ടത്തിലുമാണ്

(ഡി) ഇതു സംബന്ധിച്ച് കാഷ്യു സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ഡി) കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കൂടാതെ പരിശോധനകൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീം ഉണ്ടാക്കി 07/01/2016 മുതൽ റെയിഡുകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ഇ) നിലവിലുള്ള അൺരജിസ്റ്റേർഡ് കാഷ്യു ഫാക്ടറീസിനെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ ?

(ഇ) നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ